'ഭരണഭാഷ – മാതൃഭാഷ'

# മഹാത്മാഗാന്ധി സർവകലാശാല

(സംഗ്രഹം)

സ്വകാര്യ എയ്ഡഡ് കോളേജുകൾ – സർവ്വകലാശാല നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ഗവേണിംഗ് ബോഡി നിയമാനുസൃതം പുന:സംഘടിപ്പിക്കുന്നതും സർവ്വകലാശാല പ്രതിനിധിയെ നിയോഗിക്കുന്നതും സംബന്ധിച്ച സിൻഡിക്കേറ്റ് തീരുമാനം– ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**അക്കാദമിക് ബി 1 സെക്ഷൻ**

സ.ഉ.നം.3791/ബി1/അക്കാദമിക്/2018 പ്രിയദർശിനി ഹിൽസ്, 03.05.2018

==========================================================================

പരാമർശം: *1). 17.10.2017 തീയതിയിൽ ചേർന്ന സിൻഡിക്കേറ്റ് യോഗത്തിൻെറ മിനിറ്റ്സ് (17.13) ഇനം നമ്പർ 40/17.11/172005*

*2) 24.03.2018 തീയതിയിൽ ചേർന്ന സിൻഡിക്കേറ്റ് യോഗത്തിൻെറ മിനിറ്റ്സ് (18.03) ഇനം നമ്പർ 53/18.03/186511*

**<u>ഉത്തരവ്</u>**

മണർകാട് സെൻറ് മേരീസ് കോളേജിൽ നിയമാനുസൃതം തിരഞ്ഞെടുക്കപ്പെട്ട ഗവേണിംഗ് ബോഡിയുടെ അഭാവത്തിൽ നടന്ന നിയമനങ്ങൾക്കെതിരെ സർവ്വകലാശാലക്ക് പരാതി ലഭിക്കുകയും ടി വിഷയം പരിഗണിച്ച സിൻഡിക്കേറ്റ് യോഗം പരാമർശം (1) പ്രകാരം ലീഗൽ അഡ്വൈസറുടെ നിയമോപദേശം തേടാൻ തീരുമാനിക്കുകയുമുണ്ടായി.

പ്രസ്തുത നിയമോപദേശം പരിഗണിച്ച സിൻഡിക്കേറ്റ് യോഗം പരാമർശം (2) പ്രകാരം സർവ്വകലാശാലാ നിയമത്തിലെ 54–ാം വകുപ്പ് പ്രകാരം, സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് കോളേജുകളിലെ ഗവേണിംഗ് ബോഡി നിയമാനുസൃതം പുന:സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു. ഗവേണിംഗ് ബോഡിയിലേക്ക് സർവ്വകലാശാലാ പ്രതിനിധിയെ നിയോഗിക്കുന്നതിനX വൈസ് ചാൻസലറെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
അജിത് കുമാർ കെ.
അസിസ്റ്റൻറ് രജിസ്ട്രാർ II (അക്കാദമിക്)
രജിസ്ട്രാർക്കുവേണ്ടി.

1. എല്ലാ സ്വകാര്യ എയ്ഡഡ് കോളേജ് മാനേജർമാർ/പ്രിൻസിപ്പാൾമാർക്കും
2. വൈസ് ചാൻസലറുടെ/പ്രോ വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി.
3. രജിസ്ട്രാറുടെ പി.എ.
4. എ സി സി I/II സെക്ഷൻ.
5. ലീഗൽ സെക്ഷൻ
6. കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ.
7. റെക്കോർഡ്സ് സെക്ഷൻ.
8. കരുതൽ ഫയൽ/ഫയൽ കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

File:AcB1/1/8171/2016